# ചതിക്കുഴികൾ കരുതിയിരിക്കുക

**എം. എം. അക്ബർ**

ഇസ്ലാമിക പ്രബോധനത്തിൻെറ രീതിശാസ്ത്രം നിർണയിക്കപ്പെട്ടതാണ്. സ്രഷ്ടാവും സംരക്ഷകനുമായ തമ്പുരാൻ താൻ നിയോഗിച്ചയച്ച പ്രവാചകന്മാരിലൂടെ പഠിപ്പിച്ചതാണത്. കളങ്കമില്ലാത്ത ഏകദൈവാരാധനയിലേക്കും മരണാനന്തര ജീവിതത്തിലുള്ള ഉറച്ച വിശ്വാസത്തിലേക്കും ദൈവികബോധനങ്ങൾ പ്രകാരമുള്ള ജീവിത വിശുദ്ധീകരണത്തിലേക്കുമാണ് ദൈവദൂതന്മാരെല്ലാം തങ്ങളുടെ സമൂഹത്തെ ക്ഷണിച്ചത്. ഇവയെക്കുറിച്ച് കൃത്യവും വ്യക്തവുമായി പറഞ്ഞുകൊടുക്കുകയും ആശയങ്ങൾക്ക് ഉപോൽബലകമായ പ്രമാണങ്ങളുദ്ധരിച്ചുകൊണ്ട് പ്രബോധിതരുടെ ചിന്തയെ ഉദ്ദീപിപ്പിക്കുകയും ഗുണകാംക്ഷയോടെയുള്ള സദുപദേശങ്ങൾ വഴി അവരെ തങ്ങൾ പറയുന്നതിൻെറ സത്യതയെക്കുറിച്ച് തെര്യപ്പെടുത്തുകയും നല്ല രീതിയിലുള്ള സംവാദങ്ങൾ വഴി ആദർശത്തിൻെറ അജയ്യത ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് പ്രവാചകന്മാരെല്ലാം സത്യമത പ്രബോധനം നിർവഹിച്ചത്; ആദർശം ഒളിപ്പിച്ചുവെച്ചുകൊണ്ടോ ആളുകളെ പീഡിപ്പിച്ചും പ്രലോഭിപ്പിച്ചും കൊണ്ടോ മതത്തിൽ ആളെച്ചേർക്കുവാൻ പ്രവാചകന്മാരൊന്നും പരിശ്രമിച്ചിട്ടില്ല. ഇസ്ലാമിക പ്രബോധനത്തിൻെറ രീതിശാസ്ത്രമെന്തായിരിക്കണമെന്ന് കൃത്യമായി പഠിപ്പിക്കുന്ന ഖുർആൻ സൂക്തം വ്യക്തമാക്കുന്നതും ഈ വസ്തുത തന്നെയാണ്:

‘‘യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക....’’ (16:125).

പ്രബോധനത്തിൻെറ രീതിശാസ്ത്രം നിർണയിക്കപ്പെട്ടതാണെന്ന് പറയുമ്പോൾ പ്രസ്തുത രീതിശാസ്ത്രത്തിൻെറ വരുതിയിൽ നിന്നുകൊണ്ട് വ്യത്യസ്ത മാർഗങ്ങളുപയോഗിച്ചുകൊണ്ട് പ്രബോധന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൂടെന്ന് മനസ്സിലാക്കിക്കൂടാത്തതാണ്. പ്രവാചകന്മാരെല്ലാം തന്നെ തങ്ങൾ നിയോഗിക്കപ്പെട്ട സമൂഹത്തിൻെറ അവസ്ഥയ്ക്കും നിലവാരത്തിനുമനുസരിച്ച് വ്യത്യസ്ത രീതികളിലുള്ള പ്രബോധന പ്രവർത്തനങ്ങൾ നടത്തിയത് കാണുവാനാകും. സത്യമത പ്രബോധന രംഗത്തെ എക്കാലത്തെയും ഉജ്വല മാതൃകയായ ഇബ്റാഹീം നബി(അ)യുടെ പ്രവർത്തനങ്ങൾ ഉദാഹരണമായെടുക്കുക. വിഗ്രഹാരാധകരോട് പ്രബോധനം നടത്തിയതു പോലെയല്ല അദ്ദേഹം നക്ഷത്ര പൂജകരോട് സംവദിച്ചത്. രാജാവിനോടുള്ള സംസാരം പോലെയല്ല പ്രജകളോടുള്ള അദ്ദേഹത്തിൻെറ സംഭാഷണങ്ങൾ. എന്നാൽ എല്ലാവരോടും അദ്ദേഹം പറഞ്ഞത് തൗഹീദും ആഖിറത്തും രിസാലത്തും തന്നെയായിരുന്നു. ഈ ആദർശങ്ങൾ പച്ചയായി, വ്യക്തമായി ഓരോരുത്തർക്കും മനസ്സിലാകുന്ന രീതിയിൽ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. മുഹമ്മദ് നബി(സ)യുടെ മാതൃകയും വ്യത്യസ്തമായിരുന്നില്ല. വ്യത്യസ്ത മാർഗങ്ങളുപയോഗിച്ച് പ്രബോധിതർക്ക് ഏകദൈവാരാധനയുടെ മഹത്ത്വവും മരണാനന്തര ജീവിതത്തിൻെറ സത്യതയും പ്രമാണങ്ങൾ പ്രകാരമുള്ള വിമലീകരണത്തിൻെറ അനിവാര്യതയും ബോധ്യപ്പെടുത്തുവാനാണ് അദ്ദേഹം ശ്രമിച്ചത്. പ്രബോധനത്തിൻെറ രീതിശാസ്ത്രം നിർണയിക്കപ്പെട്ടതാണെന്നും പ്രസ്തുത രീതിശാസ്ത്രത്തിൻെറ വരുതിയിൽ നിന്നുകൊണ്ട് ഇസ്ലാം വിരുദ്ധമല്ലാത്ത മാർഗങ്ങളുപയോഗിച്ച് പ്രബോധിത സമൂഹത്തിൽ മാറ്റമുണ്ടാക്കുവാനാണ് പ്രബോധകർ പരിശ്രമിക്കേണ്ടതെന്നാണ് പ്രവാചകന്മാരുടെയെല്ലാം ചരിത്രം വ്യക്തമാക്കുന്നത്.

ഇന്ത്യ ഒരു ജനാധിപത്യ മതേതര രാജ്യമാണ്. മതനിരപേക്ഷയാണ് നമ്മുടെ ഭരണഘടനയുടെ മജ്ജ. ഓരോ പൗരനും അയാളുടെ മതം അനുഷ്ഠിക്കുവാനും പ്രബോധനം ചെയ്യുവാനുമുള്ള അവകാശമുണ്ടെന്ന് ഉദ്ഘോഷിക്കുന്നതാണത്. ഈ മതപ്രബോധന സ്വാതന്ത്ര്യത്തിന് ഭംഗം വരാനനുവദിക്കാതെ സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. മുസ്ലിമിനെ സംബന്ധിച്ചേടത്തോളം അവൻെറ ജീവിതത്തിൽ നിന്ന് ഒരവസരത്തിലും ഒഴിച്ചുനിർത്താനാവാത്ത മതപ്രബോധനത്തിന് തുറന്ന അനുവാദം നൽകുന്ന ഈ സാഹചര്യം നിലനിർത്തുവാൻ പരിശ്രമിക്കേണ്ടത് അവൻെറ മതപരമായ ബാധ്യതയാണ്. മതപ്രബോധന സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് അനിവാര്യമെങ്കിൽ ആയുധമേന്തുവാൻ മുസ്ലിം കൽപിക്കപ്പെട്ടിട്ടുള്ളത്. ആ സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടുള്ള ഒരു രാജ്യത്ത് നമ്മുടെ ഒരു പ്രവർത്തനവും പ്രസ്തുത സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തലത്തിലേക്ക് പോകാതിരിക്കുവാൻ ഓരോ മുസ്ലിമും ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്ത്യയെപ്പോലു

ള്ള ഒരു രാജ്യത്ത് രാഷ്ട്രസംവിധാനത്തിനെതിരെയുള്ള കലാപങ്ങൾ രാജ്യദ്രോഹം മാത്രമല്ല മതദ്രോഹം കൂടിയാണെന്ന് പറയുന്നത് അതുകൊണ്ടാണ്.

പ്രബോധന പ്രവർത്തനങ്ങൾ രാഷ്ട്ര സുരക്ഷയ്ക്കോ മതനിരപേക്ഷ സംവിധാനത്തിനോ ഭീഷണിയാകുമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവർ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നവരാണ്; നീണ്ട പതിനാലു നൂറ്റാണ്ടു കാലത്തെ ഇസ്‌ലാമിക ചരിത്രത്തിൽ ഒരു സംഭവം പോലും അവരുടെ കരുതലിനെ സാധൂകരിക്കുന്നില്ല. പ്രബോധനത്തിനായി അനുവദിക്കപ്പെട്ട മാർഗങ്ങളിലേതെങ്കിലും മതനിരപേക്ഷതയുടെ ആത്മാവിനെ കളങ്കപ്പെടുത്തുന്നവയാണെന്ന് ഇസ്‌ലാമിനെ ചൂണ്ടി ഒരാൾക്കും പറയാനും കഴിയില്ല. എങ്കിലും, ഇസ്‌ലാമിക പ്രബോധനം തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്ക് വിനയാകുമെന്ന് കരുതുന്നവർ ആരോപണങ്ങളുടെ ഭാണ്ഡങ്ങളുമായി ഊരുചുറ്റിക്കൊണ്ടിരിക്കും. വസ്തുതകളുടെ അപഗ്രഥനമോ വിവേക പൂർണമായ വിലയിരുത്തലോ പരിചയമില്ലാത്തവരാണവർ. ആളുകളെ വികാരം കൊള്ളിച്ച് അതിൽ നിന്ന് മുതലെടുക്കുന്നവർ. പ്രബോധന പ്രവർത്തനങ്ങളെത്തന്നെ ഇല്ലായ്മ ചെയ്യുകയാണ് അവരുടെ ലക്ഷ്യം. പ്രബോധകരെ ലക്ഷ്യം വെച്ച് വ്യത്യസ്ത രൂപങ്ങളിലുള്ള കുഴികൾ  നിർമിച്ചുകൊണ്ടിരിക്കുന്നവർ. അവരുടെ കുഴികളിൽ വീഴാതിരിക്കുവാൻ പ്രബോധകർ എപ്പോഴും ബദ്ധശ്രദ്ധരായിരിക്കണം. ആരുടെയും മേൽ അധീശത്തം സ്ഥാപിക്കുവാൻ വേണ്ടിയല്ല, ആളുകളെ സത്യമാർഗത്തിലേക്ക് നയിക്കുന്നതിനു വേണ്ടിയാണ് നാം പ്രബോധന പ്രവർത്തനങ്ങളിലേർപ്പെടുന്നത്.ഈ തിരിച്ചറിവുള്ളവരെ തങ്ങളുടെ കുഴികളിൽ വീഴ്ത്താൻ ശത്രുക്കൾക്ക് പ്രയാസമായിരിക്കും.